അനുശിസിക്കുന്ന പ്രകാരം പിഴ ചുമത്താവുന്നതാണ്. ഈ നിയമങ്ങൾ പ്രകാരം കേരളത്തിൽ സ്ഥിരമായി ഓടുന്ന വാഹന ഉടമകളിൽ നിന്നും അപേക്ഷ കിട്ടുന്ന മുറയ്ക്ക് ഇവിടെ രജിസ്റ്റർ ചെയ്ത് കൊടുക്കുന്നുണ്ട്.

(സി) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം സംസ്ഥാനത്ത് സ്ഥിരമായി ഓടുന്നുവെന്ന് പരിശോധനയിൽ കണ്ടുപിടിച്ചാൽ മോട്ടോർ വാഹന നിയമം 177 അനുസരിച്ച് പിഴ ചുമത്തുന്നതും, പിഴ ഉൾപ്പെടെ വാഹന നികുതിയും വസൂലാക്കുന്നതാണ്.

ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് നൽകാൻ വിമുഖത കാണിക്കുന്നതിനെതിരെ നടപടി

93 (4253) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് കമ്പനികൾ വാഹനങ്ങൾക്ക് 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' നൽകാൻ വിമുഖത കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രവണത നിർത്തലാക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ഈ കമ്പനികൾ അമിതമായി കൂട്ടിയതിനെതിരെയുള്ള വിവിധ കേസുകളിലൂടെയുള്ള ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര തുക കുറച്ചുവെന്നും ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ഓരോ വാഹനങ്ങൾക്കും എത്ര തുക വീതമാണ് ഇൻഷ്വറൻസ് കമ്പനികൾ 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' നായി വാങ്ങുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇൻഷ്വറൻസ് പ്രീമിയം 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ന് വാങ്ങുന്നത് മറ്റു സംസ്ഥാനങ്ങളേക്കാൾ കേരള സംസ്ഥാനത്തിന് ഇപ്പോൾ കൂടുതലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) എങ്കിൽ മറ്റ് സംസ്ഥാനങ്ങൾക്ക് തുല്യമായ തുക മാത്രം 'തേർഡ് പാർട്ടി ഇൻഷ്വറൻസ്' ന് സംസ്ഥാനത്തുനിന്നും ഇൻഷ്വറൻസ് കമ്പനികൾ പിരിക്കാനായി നിയമമുണ്ടാക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ജി) ഉപഭോക്താക്കളിൽ നിന്നും കൂടുതലായി വാങ്ങിയ ഇൻഷ്വറൻസ് തുക തിരികെ നൽകാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ, മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

(എഫ് & ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കെ.സി.റ്റി. യുടെ പെർമിറ്റുകൾ നിലനിറുത്തുന്നതിന് നടപടി

94 (4254) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (നം. 4203) ക്ക് 1960 നവംബർ 23-ലെ 62408/60/റ്റി. എ. 4 എന്ന നോട്ടിഫിക്കേഷനിലെ അനക്സർ എ15, 17-ൽ പറഞ്ഞിരിക്കുന്ന റൂട്ടുകളിൽ ബസ്സിന്റെ പെർമിറ്റ് പുതുക്കി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കായംകുളത്തുനിന്നുള്ള ഹൈവേ രാമപുരം വഴി നേരെയാക്കിയ സ്ഥിതിക്ക് കാലഹരണപ്പെട്ട നോട്ടിഫിക്കേഷന്റെ പേര് പെർമിറ്റുകൾ പുതുക്കി നൽകാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കെ. സി. റ്റി. യുടെ പെർമിറ്റുകൾ നിലനിർത്തുന്നതിന് സഹായകമായി വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-8-2001- ലെ ആർ.ടി.എ. തീരുമാനം അനുസരിച്ച് കായംകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി നൽകാനുള്ള തീരുമാനം എടുത്തിരുന്നു. എന്നാൽ ടി തീരുമാനത്തിനെതിരെ സ്റ്റേറ്റ് ട്രാസ്പോർട്ട് അപ്പലേറ്റ് ട്രൈബൂണലിൽ കെ.എസ്.ആർ.ടി.സി. റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. (എം.ബി.ആർ.പി. നം. 71/2001). ഈ പെറ്റീഷൻ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുകൂലമായി വിധിച്ചു. ഇതനുസരിച്ച് റീജിണൽ ട്രാൻസ്പോർട്ട് അതോറിറ്റി എടുത്ത തീരുമാനം റദ്ദുചെയ്ത് കെ.സി.റ്റി. യുടെ അപേക്ഷ വീണ്ടും പരിഗണിക്കാൻ നിർദ്ദേശിച്ചു. എസ്.റ്റി.എ.റ്റി. യുടെ ഉത്തരവ് അനുസരിച്ച് 3-2-2003-ൽ ആർ.ടി.എ. ബോർഡ് കൂടി കെ.എസ്.ആർ.ടി.സി. യുടെ തടസ്സവാദം പരിഗണിക്കുകയും കെ. സി.റ്റി. (കായകുളം പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ക്ക് അനുവദിച്ചിരുന്ന റൂട്ട് കൊല്ലം-ആലപ്പുഴ (നോട്ടിഫിക്കേഷൻ നം. 62408/601 റ്റി) ദേശസാൽക്കരണ പദ്ധതിക്ക് വിരുദ്ധമായാൽ കെ. സി. റ്റി. യ്ക്ക് പെർമിറ്റ് പുതുക്കി നൽകേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly